# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 4, No. 6 : ജൂൺ 2011**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി - 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*ധർമ്മ ധർമ്മ തൊ സബ് കഹെ,*
*പർ സമഝെ ന കോയ്,*
*നിർമ്മൽ മൻ കാ ആചരൺ,*
*സത്യ ധർമ്മ ഹൈ സോയ്.*

ധർമ്മം ധർമ്മം പറയുമെല്ലാരും,
ധർമ്മം അറിയുന്നില്ലാരും,
നിർമ്മല മനസ്സിന്നാചരണം,
സത്യ ധർമ്മമിതാണല്ലോ.

— **എസ. എൻ. ഗോയങ്ക**

# വിത്ത് എപ്രകാരമൊ ഫലം അപ്രകാരം

**എസ. എൻ. ഗോയങ്ക**

*(ജീ-ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 17 ാം ഭാഗം.)*

ഏതൊരു വ്യക്തി സമ്യക് സംബുദ്ധനായോ, അരഹന്തനായോ, രാഗവിഹീനനായോ, ദ്വേഷ വിഹീനനായോ, മോഹവിഹീനനായോ, ഭവ മുക്തനായ., അദ്ദേഹത്തിന്റെ ജീവിതത്തിലെ നാല് മഹത്വപൂർണ്ണ സംഭവങ്ങൾ - അദ്ദേഹം ബോധിസത്വത്തിന്റെ രൂപത്തിൽ രാജകുമാരൻ സിദ്ധാർത്ഥ ഗൗതമന്റെ പേരിൽ ശാക്യൻമാരുടെ കുടുമ്പത്തിൽ ജനിച്ചു. രാജകുമാരനാണ്, എന്നാൽ ഏതെങ്കിലും രാജകൊട്ടാരത്തിലല്ല ജനിച്ചത്. ഏതോ മരത്തിന്റെ ചുവട്ടിൽ, തുറന്ന പ്രകൃതിയിൽ, തുറന്ന ആകാശത്തിനു താഴെ കൂടാതെ എപ്പോൾ സത്യത്തിനെ അന്വേഷിച്ച് പോയോ, ധർമ്മത്തിനെ അന്വേഷിച്ച് പോയോ, അപ്പോൾ കുറച്ച് - അഞ്ച്-ആറ് വർഷങ്ങൾവരെ ഇരുണ്ട ഗുഹകളിൽ, വനങ്ങളിൽ ഭിന്ന ഭിന്ന പ്രകാരത്തിലുള്ള തപസ്സുകൾ ചെയ്തുകൊണ്ടിരുന്നു, എന്നാൽ എപ്പോൾ സമ്യക് സംബോധി പ്രാപ്തമായോ അപ്പോൾ വീണ്ടും ഏതോ മരച്ചുവട്ടിൽ, തുറന്ന പ്രകൃതിയിൽ തുറന്ന ആകാശത്തിനുതാഴെ.

സമ്യക്സംബോധി പ്രാപ്തമായി. അപ്പോൾ ഹൃദയത്തിൽ നിന്ന് കരുണയുടെ ഗംഗ ഒഴുകാൻ തുടങ്ങി. സമൂഹത്തിലെ ജനങ്ങൾ ധർമ്മത്തിന്റെ പേരിൽ എത്തരത്തിലുള്ള ആചാരനുഷ്ഠാനങ്ങളിലാണ് കുരുങ്ങിക്കിടക്കുന്നത് എന്ന് കണ്ടു. എപ്രകാരമാണ് സംമ്പ്രദായിക വേലിക്കെട്ടുകൾക്കുള്ളിൽ ബന്ധിതരായിരിക്കുന്നത്. എപ്രകാരമാണ് ഭിന്ന ഭിന്ന ദർശന വിശ്വാസങ്ങളുടെ കുരുക്കുകളിൽ കുരുങ്ങിക്കിടക്കുന്നത്. ഒന്നല്ലെങ്കിൽ മറ്റൊരു പ്രകാരത്തിലുള്ള ശരീരക്ലേശത്തിൽ, അല്ലെങ്കിൽ ശരീരദണ്ഡനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ധർമ്മത്തിൽ നിന്നും വഞ്ചിതമായി. ആയതുകൊണ്ട് അത്യന്ത കരുണയോടെ ആദ്യ പ്രാവശ്യം ശുദ്ധധർമ്മത്തിന്റെ പ്രകാശനം ചെയ്തുകൊണ്ട് ധർമ്മചക്രത്തിനെ പ്രവർത്തിപ്പിച്ചു - വീണ്ടും അത് തുറന്ന പ്രകൃതിയിൽ, തുറന്ന ആകാശത്തിനു താഴെ, മരച്ചുവട്ടിൽ ധർമ്മചക്രത്തിന്റെ പ്രവർത്തനം ചെയ്തു എന്നിട്ട് വീണ്ടും എൺപതു വർഷത്തെ പാകമായ അവസ്ഥയിൽ എപ്പോൾ പ്രാണൻ ഉപേക്ഷിച്ചോ അപ്പോൾ വീണ്ടും തുറന്ന പ്രകൃതിയിൽ, തുറന്ന ആകാശത്തിനു താഴെ, വൃക്ഷത്തിനു താഴെ സ്വന്തം പ്രാണൻ ഉപേക്ഷിച്ചു. ജീവിതത്തിന്റെ ഈ നാല് മഹത്വപൂർണ്ണ സംഭവങ്ങളും തുറന്ന പ്രകൃതിയിലാണ് നടന്നത്. അതിനാൽ ഈ വ്യക്തി പ്രകൃതിയെ ശരിക്കും പഠിച്ചു, പുറമെ പുറമെയുള്ള പ്രകൃതിയുടെ നിയമങ്ങളെ ശരിക്കും പഠിച്ചു. ബുദ്ധിയുടെ തലത്തിൽ അവയെ ശരിക്കും മനസ്സിലാക്കി. എന്നാൽ ബുദ്ധി മാത്രം കൊണ്ട് ആരെങ്കിലും സമ്യക് സംബുദ്ധൻ ആയിത്തീരില്ല. ഇതിനാകട്ടെ പ്രകൃതിയുടെ നിയമത്തെ, വിശ്വത്തിന്റെ വ്യവസ്ഥയെ സ്വന്തം ഉള്ളിൽ അനുഭൂതിവഴി അറിയുന്നു എന്നിട്ട് അറിഞ്ഞു കൊണ്ട് വികാരങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുന്നു അപ്പോൾ സമ്യക് സംബുദ്ധൻ ആയിത്തീരുന്നു. പ്രകൃതിയുടെ നിയമത്തെ അറിഞ്ഞു, നിസർഗ്ഗ നിയമങ്ങളെ അറിഞ്ഞു, അതിനർത്ഥം ശുദ്ധധർമ്മത്തെ അറിഞ്ഞു കഴിഞ്ഞു.

ധർമ്മം എന്താണ്? ഇതു തന്നെയാണ് ധർമ്മം, സത്യം തന്നെയാണ് ധർമ്മം, നിസർഗ്ഗത്തിന്റെ നിയമം തന്നെയാണ് ധർമ്മം. നല്ല പോലെ അറിഞ്ഞു. സ്വന്തം പ്രജ്ഞയാൽ ഉള്ളിലും വെളിയിലും നോക്കുന്നു എന്തെന്നാൽ വളരെ വിചിത്രമായ കാര്യമാണ്, ഒന്നല്ലെങ്കിൽ മറ്റൊന്ന് നടന്നുകൊണ്ടിരിക്കുകയാണ്. പ്രതിക്ഷണം ഉള്ളിലും വെളിയിലും ഒന്നല്ലെങ്കിൽ മറ്റൊന്നു നടന്നു

കൊണ്ടിരിക്കുകയാണ്. എന്തോ ഉണ്ടാകുന്നു, നശിക്കുന്നു. വീണ്ടും ഉണ്ടാകുന്നു വീണ്ടും നശിക്കുന്നു. എന്തോ നടന്നുകൊണ്ടു തന്നെ പോകുകയാണ്. ആ ദിനങ്ങളിലെ ഭാഷയിൽ ഇതിനെ പറഞ്ഞു – 'ഭവം' അതായത് ഭാവിതമായി ക്കൊണ്ടിരിക്കുകയാണ്, എന്തോ നടന്നുകൊണ്ടി രിക്കുകയാണ്. ഈ സത്യം അനുഭൂതികളുടെ തലത്തിൽ മനസ്സിലായി, പ്രജ്ഞയുടെ തലത്തിൽ മനസ്സിലായി. വീണ്ടും നോക്കുന്നു, ഏതൊന്ന് നടന്നുകൊണ്ടിരിക്കുന്നുവോ, സജീവമായാലും നിർജ്ജീവമായാലും, എല്ലാറ്റിലും എന്തോ നടന്നുകൊണ്ടിരിക്കുന്നു. മാത്രമല്ല, നടന്നുകൊണ്ടേ പോകുകയാണ്. അയ്യോ, ഇതുതന്നെയാണ് ജീവിതധാര. ഇതുതന്നെയാണ് സംസരണം, ഭവ സംസരണം. ഉണ്ടായിത്തീരുന്നു, നശിക്കുന്നു. വീണ്ടും ഉണ്ടായിത്തീരുന്നു, വീണ്ടും നശിക്കുന്നു. ജനിക്കുന്നു, മരിക്കുന്നു. വീണ്ടും ജനിക്കുന്നു, വീണ്ടും മരിക്കുന്നു. എത്തരം പ്രവാഹമാണ് നടന്നുകൊണ്ടിരിക്കുന്നത്? പിന്നെ കാണുന്നു – ഏതൊന്ന് ഉണ്ടാകുന്നോ, കാരണമില്ലാതെ അല്ല. ഏതൊന്ന് നടന്നുകൊണ്ടിരിക്കുന്നോ അതിന്റെ പിറകിൽ ഒന്നല്ലെങ്കിൽ മറ്റൊരു കാരണമുണ്ട്. ഒരു കാരണമുണ്ട് അല്ലെങ്കിൽ അനേക കാരണങ്ങൾ ഒരുമിച്ചുകൂടിയുണ്ട്. എന്നിട്ട് അതിന്റെ ഈ പരിണാമം വന്നു. കാരണം, പരിണാമം, കാരണം പരിണാമം, കാരണമില്ലാതെ ഒന്നും തന്നെ നടക്കുന്നില്ല. വീണ്ടും കാണുന്നു, കാരണത്താൽ ഏതൊരു പരിണാമം വന്നുവോ, ആ പരിണാമം മുന്നോട്ടുള്ള ഏതെങ്കിലും പരിണാമത്തിനായി കാരണമായിത്തീർന്നു. അതിനാൽ കാരണം–പരിണാമം, പരിണാമം–കാരണം, കാരണം–പരിണാമം. ബീജം–ഫലം, ബീജം–ഫലം, ഫലം–ബീജം. ഓഹോ! ആയതുകൊണ്ട് ഇപ്രകാരം ഈ ഭവം – സംസരണം ഉണ്ടായിക്കൊണ്ടി രിക്കുകയാണ്. ശരിക്കും മനസ്സിലായി. ആഴങ്ങളിൽ ഇതിനെയും അറിഞ്ഞു – കാരണമെന്താണ്?

ഹർ ഹരകത് കെ മൂല മെ, കാരണ് സച്ചാ ദേഖ്
ബിന കാരണ് സംസാര മെ, പത്താ ഹിലെ നാ ഏക്

ഒന്നല്ലെങ്കിൽ മറ്റൊരു കാരണം, ഒന്നല്ലെങ്കിൽ മറ്റൊരു കാരണം. ഫലം വന്നപ്പോൾ പുറമേ പുറമേ തോന്നുന്നു, ഈ പുഷ്പം വന്നല്ലോ! ഇതിൽ നിന്ന് ഫലം വന്നു. ഇത് ശിഖരമല്ലെ! ഇതിൽ നിന്ന് ഫലം വന്നു. ഇത് മരമല്ലെ! ഇതിൽ നിന്ന് ഫലം വന്നു. എന്നാൽ കാരണമെന്ത്? ഓഹോ, കാരണമാകട്ടെ ആ വിത്താണ്. അത് നമ്മൾക്ക് കാണുന്നില്ല. ഗർഭത്തിൽ ഏതൊരു വിത്തുണ്ടോ അതിൽ നിന്ന് ഈ ഫലം വന്നു. ബീജമുണ്ടെങ്കിൽ ഫലം വന്നു. ഫല മുണ്ടങ്കിൽ അതിനൊപ്പം വിത്തു വന്നു. ബീജമുണ്ട് എങ്കിൽ ഫലം വന്നു. ഓഹോ, ഇപ്രകാരം ഈ മുഴുവൻ ജോലി നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്രകാരം ഈ ഭവചക്രം നടന്നുക്കൊണ്ടിരി ക്കുകയാണ്. ഒരു കാര്യം കൂടി മനസ്സിലായി. ഏതൊരു വിപശ്യി സാധകനും മനസ്സിലാകും. ഈ മുഴുവൻ സത്യങ്ങളും അനുഭൂതിയിൽ വരുമ്പോൾ ശരിക്കും മനസ്സിലാകും. പുറമെയുള്ള ലോകത്തിലും, പുറമെയുള്ള സസ്യലോകത്തിലും എത്തരം വിത്താണോ, അത്തരം ഫലം. ഉള്ളിലെ ലോകത്തിലും കർമ്മത്തിന്റെ ബീജം എത്തരത്തി ലാണ്, ശരിക്കും അത്തരം തന്നെ ഫലം. പ്രകൃതി ബന്ധിത നിയമം, നിസർഗ്ഗ ബന്ധിത നിയമം, ഇതിൽ ആർക്കും മാറ്റം വരുത്താൽ സാധിക്കില്ല. ബീജം എത്തരത്തിലാണോ, ഫലം അത്തരത്തിലെ വരികയുള്ളു.

ഒരേപോലെയുള്ള ഭൂമിയിൽ നമ്മൾ രണ്ടു വിത്ത് വിതച്ചു, ഒന്ന് കരിമ്പിന്റെ ബീജം, ഒന്ന് വേപ്പിന്റെ ബീജം. അതേ ഭൂമിയാണ്. അവയക്ക് അതേ വെള്ളമാണ് ലഭിക്കുന്നത്. അതേ കാറ്റാണ്, അതേ പ്രകാശമാണ്. അതേ വളക്കൂറാണ്, അതേ ഊർജ്ജമാണ്. ആ രണ്ടു വിത്തും മുളച്ചു വെളിയിൽ വന്നു, ചെടി രൂപത്തിൽ വളർന്നു. ഇപ്പോൾ എന്തു പറ്റി? ഈ കരിമ്പിന്റെ ചെടിക്ക് എന്തു പറ്റി? ഇതിന്റെ ഓരോ നാരിലും മധുരം. ആ വേപ്പിന്റെ ചെടിക്ക് എന്തു പറ്റി? അതിന്റെ ഓരോ നാരിലും കയ്പ്പ്! എന്തു കൊണ്ടായി? ഈ പ്രകൃതി, ഈ വ്യവസ്ഥ, അല്ലെങ്കിൽ ഇങ്ങനെ പറയാം, ഈ പരമാത്മാവ്, ഈ അള്ളാഹു, ഇദ്ദേഹം ഒന്നിലാകട്ടെ വളരെ കൃപ ചെയ്തു എന്നാൽ മറ്റൊന്നിൽ വളരെ കോപിച്ചുവോ? അയ്യോ ഇല്ല സഹോദരാ, ഇല്ല! ധർമ്മം മനസ്സിലാകാൻ തുടങ്ങുമ്പോൾ ശരിക്കും മനസ്സിലാകും – കൃപ ചെയ്യുവാൻ ആരും തന്നെയില്ല. കോപം ചെയ്യാനും ആരും തന്നെയില്ല. നമ്മൾ തന്നെയാണ് തന്നെത്താൻ കൃപ ചെയ്യുന്നത്, നമ്മൾ തന്നെയാണ് തന്നിൽ തന്നെ കോപം ചെയ്യുന്നത്. ബോധം ഉണരണം – ബീജം എത്തരത്തിലായിരുന്നു – പ്രകൃതിയാകട്ടേ ഇതേ ജോലിയെ ചെയ്യുകയുള്ളു. ആ ബീജത്തിന്റെ ഗുണം, ധർമ്മം, സ്വഭാവം എത്തരത്തിലാണ്, അതിനെ പ്രകടമാക്കും. കരിമ്പിന്റെ വിത്തിന്റെ ഗുണം, ധർമ്മം, സ്വഭാവം മധുരത്താൽ നിറഞ്ഞിരിക്കുന്നതാണ്, ആ ചെടിയുടെ ഓരോ നാരിലും മധുരം വന്നു. വേപ്പിന്റെ ബീജത്തിന്റെ ഗുണം, ധർമ്മം സ്വഭാവം കയ്പ്പിനാൽ നിറഞ്ഞിരിക്കുന്നതാണ്, ഓരോ നാരിലും കയ്പ്പു വന്നു.

ആ വേപ്പിന്റെ മരത്തിനടത്ത് ആരെങ്കിലും വന്നു വളരെ ഭക്തിയോടെ അതിനെ മൂന്നു പ്രാവശ്യം നമസ്കാരം ചെയ്തു. ധൂപം പുകച്ചു, ദീപം തെളിച്ചു, നൈവേദ്യം ആർപ്പിച്ചു, പുഷ്പം അർപ്പിച്ചു എന്നിട്ട് വളരെ ഭക്തിയോടെ അതിന് നൂറ്റിഎട്ടു പ്രദക്ഷിണം ചെയ്തു, പിന്നെ കൈ കൂപ്പിക്കൊണ്ട്, നിറഞ്ഞ കണ്ണോടെ, കാതര സ്വരത്തിൽ പ്രാർത്ഥന ചെയ്യുന്നു – ഓ വേപ്പിന്റെ ദേവതേ, നീ എനിക്ക് നല്ല മധുരമുള്ള മാമ്പഴം തരേണമേ, നീ എനിക്ക് നല്ല മധുരമുള്ള മാമ്പഴം തരേണമേ. മുഴുവൻ ജീവിതവും കരഞ്ഞു കൊണ്ടിരിക്കും, ആ വേപ്പിന്റെ വൃക്ഷം മധുരമുള്ള മാമ്പഴം തരുന്നതല്ല. എനിക്ക് മധുരമുള്ള മാമ്പഴത്തിന് വളരെ ആഗ്രഹമുണ്ടെങ്കിൽ വിത്ത് വിതക്കുന്ന സമയത്ത് ഉണർവ്വോടെ ഇരിക്കണ മായിരുന്നു. വേപ്പിന്റെ വിത്ത് എന്തിനാണ് വിതച്ചത്? മധുരമുള്ള മാവിന്റെ വിത്ത് വിതക്കണമായിരുന്നു. ഞാൻ മധുരമുള്ള മാവിന്റെ വിത്ത് വിതച്ചാൽ, പിന്നെ ആരുടെയെങ്കിലും മുമ്പിൽ നിറഞ്ഞ കണ്ണോടെ കേണപേക്ഷിക്കേണ്ട ആവിശ്യമില്ല. മധുരമുള്ള മാമ്പഴം തന്നെയാണ് മുളക്കുക, അതിൽ നിന്ന് വേപ്പിന് വരാൻ സാധിക്കില്ല.

'ഫല് വൈസാ ഹീ പായിയെ, ജൈസാ ബോയെ ബീജ്'.

ഇത് പ്രകൃതിയുടെ നിയമമാണ്, എല്ലാവർക്കും ബാധകമാണ്. വേപ്പിന്റെ വിത്ത് ഏതെങ്കിലും ഹിന്ദുവോ മുസ്ലിമോ വിതച്ചാലും,

ഏതെങ്കിലും ബുദ്ധിസന്റോ, ജൈനനോ വിതച്ചാലും, ഏതെങ്കിലും ക്രിസ്ത്യൻ, ബ്രാഹ്മണൻ അല്ലെങ്കിൽ ശൂദ്രൻ വിതച്ചാലും, ഒരു വ്യത്യാസവും വരില്ല. ആ വേപ്പിന്റെ വിത്തിൽ നിന്നും കശപ്പുള്ള വേപ്പുതന്നെ മുളക്കുകയുള്ളൂ. ഇതേ പ്രകാരം കരിമ്പിന്റെ വിത്ത് ആരെങ്കിലും വിതച്ചു, ഏതെങ്കിലും ജാതിയുടെ, വർണ്ണത്തിന്റെ, ഗോത്രത്തിന്റെ, ദേശത്തിന്റെ, ഭാഷയുടെ, രൂപത്തിന്റെ വ്യക്തി വിതച്ചോട്ടെ. കരിമ്പിന്റെ വിത്ത് വിതച്ചാൽ ഫലം മധുരമുള്ളതു തന്നെയാണ് വരാൻ പോകുന്നത്. ഇത് ധർമ്മമാണ്. ഇത് പ്രകൃതിയുടെ നിയമമാണ്, ഇത് വിശ്വത്തിന്റെ രീതിയാണ്. ഇത് എല്ലാവർക്കും ബാധകമാണ്. ഇതിൽ ആർക്കും മാറ്റം വരുത്താൻ സാധിക്കില്ല.

വിത്താകട്ടെ വേപ്പിന്റെയാണ് വിതക്കുന്നത് എന്നാൽ എന്നിൽ ആരുടെയെങ്കിലും കൃപയുണ്ടെങ്കിൽ, എനിക്ക് മധുരമുള്ള മാമ്പഴം കിട്ടിയിരുന്നെങ്കിൽ. സഹോദരാ, സംഭവിക്കുന്നില്ലല്ലോ! ആരെങ്കിലും ചെയ്തു നോക്കട്ടെ. ഈ മുഴുവൻ സത്യവും നോക്കിക്കൊണ്ട് ആ മഹാപുരുഷൻ പറഞ്ഞു, അഥവാ പ്രാർത്ഥന ചെയ്യുന്നതുമൂലം സ്വന്തം ആഗ്രഹങ്ങൾ പൂർത്തിയാകുമെങ്കിൽ, ലോകത്തിൽ സ്വന്തം ആഗ്രഹം പൂർത്തിയാകാത്ത ഒരു വ്യക്തിയും ഉണ്ടാകുമായിരുന്നില്ല. എല്ലാവരുടെയും ആഗ്രഹങ്ങൾ പൂർത്തിയാകുമായിരുന്നു. പ്രാർത്ഥനയാകട്ടെ എല്ലാവരും ചെയ്യുന്നുണ്ട്. സംഭവിക്കുന്നില്ലല്ലോ! അതിനാൽ സഹോദര മനസ്സിലാക്കുക എവിടെയാണ് കുടുങ്ങിയത്? സ്വന്തം കർമ്മം നന്നാക്കുന്നതിൽ ഏർപ്പെടണം. എന്റെ കർമ്മം എപ്രകാരമാണോ ഫലം അപ്രകാരം. ഞാൻ ദുഷ്കർമ്മവും ചെയ്തുകൊണ്ടു പോകും എന്നിട്ട് ഈ ആശയിൽ ഇരിക്കും – ഏതെങ്കിലും അദൃശ്യശക്തി എന്നിൽ കൃപ ചെയ്യും. ആയിരം ദുഷ്കർമ്മം ചെയ്യും, എനിക്കാകട്ടെ നല്ല നല്ല മധുരമുള്ള ഫലം തരിക തന്നെ ചെയ്യും. അയ്യോ, മുഴുവൻ ജീവിതവും വഞ്ചനയിൽ തന്നെ കടന്നു പോകും. ധർമ്മത്തിന്റെ ശുദ്ധ സ്വരൂപം സമൂഹത്തിൽ നിന്നും നഷ്ടമാകുമ്പോൾ ഈ കുറേ കാരണങ്ങളാലാണ് ശുദ്ധ സ്വരൂപത്തെ മറന്നു പോകുന്നത്. അതിന്റെ സാർവ്വജനീനമായ സ്വരൂപത്തെ മറന്നു പോകുന്നത്.

ശീലത്തിന്റെ പാലനം ചെയ്യണം. മനസ്സിനെ സ്വന്തം വശത്താക്കണം. പ്രജ്ഞ ഉണർത്തിക്കൊണ്ട് ചിത്തത്തെ നിർമ്മലമാക്കിയാൽ സത്കർമ്മം തന്നെ സത്കർമ്മമായി. അത്തരം വ്യക്തിക്ക് ദുഷ്കർമ്മം ചെയ്യാനേ സാധിക്കില്ല. അപ്പോൾ നല്ല ഫലമേ വരികയുള്ളൂ. ശീലത്തിന്റെ പാലനം ചെയ്യുന്നില്ല. മനസ്സിനെ വശത്താക്കുന്നില്ല, മനസ്സിനെ നിർമ്മലമാക്കുന്നില്ല. മനസ്സിനെ അഴുക്കോട് അഴുക്കാക്കി സൂക്ഷിച്ചാൽ – ഏതൊരു കർമ്മം ചെയ്യുമോ, ഏതൊര് വിത്ത് വിതക്കുമോ, ദുഷ്കർമ്മമേ ആകുകയുള്ളൂ. ദുഷ്കർമ്മം മാത്രമേ ആകുകയുള്ളൂ. എങ്കിൽ ദുഷ്ഫലമേ വരികയുള്ളൂ. ഈ കാര്യം ഏതൊരു വ്യക്തി എത്ര വേഗം മനസ്സിലാക്കുന്നുവോ ആ വ്യക്തി ശുദ്ധധർമ്മത്തെ മനസ്സിലാക്കി. ഇനി ഉണർവ്വോടെ ഇരിക്കും എന്തെന്നാൽ ഞാൻ ഒരു ദുഷ്കർമ്മവും ചെയ്യരുത്. ഞാൻ ഒരു കയ്പ്പുള്ള വിത്തും വിതക്കരുത്. ഇല്ലെങ്കിൽ ഏതോരു ഫലം വരുമൊ, അത് വളരെ കയ്പ്പുള്ളതായിരിക്കും വരിക.

എനിക്ക് മധുരമുള്ള ഫലം വേണമെങ്കിൽ വിത്തിടുന്ന സമയത്ത് ഉണർവ്വോടെ ഇരിക്കണം, കർമ്മം ചെയ്യുന്ന സമയത്ത് ജാഗ്രതയോടെ ഇരിക്കണം. എനിക്ക് ഹാനികരമായ, എനിക്ക് കഷ്ടപ്രദമായ അത്തരത്തിലുള്ള ഒരു ജോലിയും എന്നാൽ സംഭവിക്കരുത്. ശരിക്കും ഉണർവ്വോടെ ഇരിക്കാൻ പഠിക്കും. അവൻ തന്നെത്താൻ ഹിന്ദുവെന്നു വിളിച്ചാലും, ബൗദ്ധനെന്നു വിളിച്ചാലും, ജൈനനെന്നു വിളിച്ചാലും, ക്രസ്ത്യനെന്നു വിളിച്ചാലും ശരി. ഏതൊരു പേരിൽ വിളിച്ചാലും ശരി, നല്ല വ്യക്തിയായി മാറി, ധർമ്മിഷ്ഠനായ വ്യക്തിയായി. ദുഷ്കർമ്മം ചെയ്യുന്നില്ല. സത്കർമ്മം ചെയ്യുന്നു. സ്വന്തം നന്മയും ചെയ്യുന്നു, മറ്റുള്ളവരുടെ നന്മക്കും സഹായകമായിത്തീരുന്നു. മുഴുവൻ വാതാവരണം ധർമ്മത്തിന്റെ തരംഗങ്ങളാൽ നിറക്കുന്നു. ധർമ്മത്തിന്റെ സാർവ്വജനീനമായ, സാർവ്വദേശികമായ, സാർവ്വകാലികമായ ഈ ശുദ്ധ സ്വരൂപം, അതിനെ മനസ്സിലാക്കിക്കൊണ്ട് അതിനെ ധാരണം ചെയ്യാൻ തുടങ്ങണം. ജീവിതം മാറാൻ തുടങ്ങി എന്നു കാണാം. ഓരോരോ വ്യക്തി ധാരണം ചെയ്യാൻ തുടങ്ങിയാൽ ഓരോരോ വ്യക്തി സ്വസ്ഥമാകാൻ തുടങ്ങി, സുഖിയാകാൻ തുടങ്ങി. ഓരോരോ വ്യക്തി സ്വസ്ഥനാകാൻ തുടങ്ങിയാൽ, സുഖമുള്ളവനാകാൻ തുടങ്ങിയാൽ മുഴുവൻ സമാജവും സ്വസ്ഥമാകാൻ തുടങ്ങി, സുഖമുള്ളതാകാൻ തുടങ്ങി. എത്ര വേഗം ഈ സത്യത്തെ മനസ്സിലാക്കുമോ, സ്വീകരിക്കുമോ എന്നിട്ട് ധാരണം ചെയ്യാൻ തുടങ്ങുമോ ജീവിതത്തിൽ മധുരമുള്ള ഫലം ലഭിക്കാൻ തുടങ്ങി. മനസ്സിലാക്കിയില്ലെങ്കിൽ വഴി തെറ്റി അലയുന്നു.

ഭഗവാന്റെ ജീവിതകാലത്തെ ഒരു സംഭവം. ഒരു സഹോദരൻ അദ്ദേഹത്തിന്റെ അടുത്തു വന്നു. അവന്റെ പിതാവ് അന്തരിച്ചു. ഭഗവാന്റെ അടുത്തു വന്നു എന്നിട്ട് പറയാൻ തുടങ്ങി. മഹാരാജ്, ഈ ചെറിയ ചെറിയ പൂജാരിമാർ ഈ ആചാരാനുഷ്ഠാനം ചെയ്യിക്കുന്നു, ആ ആചാരനുഷ്ഠാനം ചെയ്യിക്കുന്നു അതുമൂലം മുക്തനായിത്തീരുന്നു, സദ്ഗതിയായിത്തീരുന്നു. മഹാരാജ് താങ്കളാകട്ടെ, സർവ്വ ശക്തിമാനാണ്. താങ്കളാകട്ടെ മഹാകാരുണികനാണ്. ഈ ലോകത്തിലെ മരിച്ച മുഴുവൻ വ്യക്തികളും, അവർക്ക് സദ്ഗതിമാത്രമേ ആകാവൂ, അവർക്ക് സദ്ഗതി മാത്രമേ ആകാവൂ താങ്കൾ അങ്ങനെ എന്തെങ്കിലും ചെയ്താലും. മഹാരാജ് താങ്കൾക്ക് ചെയ്യാൻ സാധിക്കും.

ഭഗവാൻ പറഞ്ഞു അല്ലയോ സഹോദരാ, നീ പ്രകൃതിയുടെ നിയമത്തെ മനസ്സിലാക്കുക. മറ്റുള്ളവർക്കാർക്കെങ്കിലും എന്താണ് ചെയ്യാൻ സാധിക്കുക? ഓരോ വ്യക്തിയും സ്വയം സ്വന്തം കർമ്മങ്ങൾ ചെയ്യുന്നവരാണ്. അതിൽ ഓരോ വ്യക്തിയും സ്വയം സ്വന്തം കർമ്മങ്ങളുടെ ഫലം അനുഭവിക്കുന്നവരാണ്. മനസ്സിലാക്കിയില്ല, അതിനാൽ അദ്ദേഹം പറഞ്ഞു, നല്ലത്, രണ്ടു മൺകലങ്ങൾ കൊണ്ടു വരൂ. അദ്ദേഹം പറഞ്ഞു, ഒന്നിൽ നെയ്യ് നിറക്കുക. നിറച്ചു, രണ്ടാമത്തതിൽ കല്ലിന്റെ കഷണങ്ങൾ നിറക്കുക. നിറച്ചു. ഇനി ഇവയുടെ വായ് അടക്കുക. ശരിക്കും അടച്ചു. ഇനി അടുത്തു തന്നെ ഈ കുളമുണ്ടല്ലോ, അതിൽ ഇടുക. ഇട്ട ഉടനെ രണ്ടും തന്നെ സ്വന്തം ഭാരം മൂലം

അടിത്തട്ടിൽ പോയിരുന്നു. ഇപ്പോൾ ഭഗവാൻ പറഞ്ഞു, ഒരു തടിച്ച വടി കൊണ്ടുവരിക, ഇവയെ തല്ലി ഉടക്കുക. വളരെ സന്തോഷവാനായി എന്തെന്നാൽ ഭഗവാൻ ഏതോ വളരെ ഉത്തമമായ ആചാരനുഷ്ഠാനമാണ് ചെയ്യിക്കുന്നത്. ഇനി പറയാനെന്തിരിക്കുന്നു! എന്റെ പിതാവിന്റെ സദ്ഗതി മാത്രമല്ല, അദ്ദേഹം എന്നെന്നേക്കുമായി സ്വർഗ്ഗത്തിൽ സ്ഥാപിതമാകപ്പെടും. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ സ്വർഗ്ഗത്തിന്റെ എൻട്രി വിസാ മാത്രമല്ല ലഭിക്കുക, പെർമനന്റ് സ്റ്റേ ലഭിക്കും, ഗ്രീൻ കാർഡ് ലഭിക്കും. വളരെ സന്തോഷവാനായിക്കൊണ്ട് ആ മൺകലങ്ങളിൽ വടികൊണ്ട് അടിച്ചു, രണ്ടും പൊട്ടി. ഏതിൽ നെയ്യുണ്ടായിരുന്നോ അത് പൊങ്ങി പൊങ്ങി മുകളിൽ വന്നു. ഏതിൽ കരിംക്കല്ലു നിറച്ചിരുന്നോ അത് അടിത്തട്ടിൽ തന്നെ ഇരുന്നു.

അപ്പോൾ ഭഗവാൻ പറഞ്ഞു, നോക്കൂ, സഹോദരാ, ഇത്ര ജോലിയാകട്ടെ ഞാൻ ചെയ്തു. ഇനി നീ നിന്റെ പൂജാരികളെ എല്ലാവരെയും കൂട്ടുക. അവർ എല്ലാവരും തന്നെ ഇവിടെ പ്രാർത്ഥന ചെയ്യട്ടെ കൂടാതെ നീയും ചെയ്യുക - ഏയ് കൽകഷണമേ, നീ മുകളിൽ വരിക, നീ മുകളിൽ വരിക. ഏയ് നെയ്യേ നീ താഴേ പോകുക, നീ താഴെ പോകുക.

മഹാരാജ്! താങ്കൾ എന്നെ പരിഹസിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇത് എന്നെങ്കിലും നടക്കുമോ? മഹാരാജ് ഇത് പ്രകൃതിയുടെ നിയമമാണ്, കൽകഷണങ്ങൾ വെള്ളത്തിനെക്കാൾ ഭാരമുള്ളതാണ്. അവയാകട്ടെ എല്ലായ്പ്പോഴും താഴെയേ പോകുകയുള്ളൂ, മുകളിൽ വരില്ല, വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ സാധിക്കില്ല എന്നാൽ നെയ്യ് വെള്ളത്തെക്കാൾ ഭാരം കുറഞ്ഞതാണ്. അതാകട്ടെ മുകളിലെ പൊങ്ങിക്കിടക്കുകയുള്ളൂ. അതിന് താഴെപ്പോകാൻ സാധിക്കില്ല. മഹാരാജ് ഇത് പ്രകൃതിയുടെ നിയമമാണ്.

അയ്യോ, നീ പ്രകൃതിയുടെ നിയമത്തെ ഇത്ര മനസ്സിലാക്കുന്നവൻ, നിനക്ക് ഈ കാര്യം മനസ്സിലായില്ലെ - നിന്റെ അച്ഛൻ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തി ജീവിതം മുഴുവനും കൽക്കഷണം പോലെയുള്ള ജോലി ചെയ്തുകൊണ്ടിരുന്നാൽ താഴോട്ടല്ലെ പോകുക യുള്ളു! അയാളെ ആർക്ക് മുകളിലേക്ക് പോക്കാൻ സാധിക്കും? എന്നാൽ ജീവിതം മുഴുവനും ഭാരം കുറഞ്ഞ നെയ്യിനെപ്പോലെയുള്ള ജോലി ചെയ്താൽ, നല്ല ജോലി ചെയ്താൽ അപ്പോൾ മുകളിലേക്കല്ലെ പോകുകയുള്ളു? സദ്ഗതി ആകുക തന്നെ ചെയ്യും. ആർക്ക് അവനെ താഴോട്ടു വലിക്കാൻ സാധിക്കും? കർമ്മത്തിനും അതിന്റെ ഫലത്തിനും ഇടക്ക് മറ്റാർക്കെങ്കിലും തടസ്സം സൃഷ്ടിക്കാൻ സാധിക്കില്ല, ബാധ സൃഷ്ടിക്കാൻ സാധിക്കില്ല. കർമ്മം എത്തരത്തിലാണോ അത്തരം ഫലം, കർമ്മം എത്തര ത്തിലാണോ അത്തരം ഫലം.

നമ്മൾ എപ്പോൾ ഇത്തരം നിർദ്ദേശം കൊടുക്കുന്നുവൊ അല്ലെങ്കിൽ നമ്മൾ നമ്മുടെ അജ്ഞാന അവസ്ഥയിൽ ഇത്തരം കാര്യം സ്വന്തം മനസ്സിൽ ധാരണം ചെയ്യുന്നുവൊ - സഹോദര, ഇന്ന ആചാരനുഷ്ഠാനം ചെയ്താൽ എന്റെ മുഴുവൻ പാപവും വ്യത്തിയാക്കപ്പെടും. ഇന്ന ദർശന വിശ്വാസത്തിൽ വിശ്വസിച്ചാൽ എന്റെ മുഴുവൻ പാപവും വൃത്തിയാക്കപ്പെടും. ഏതെങ്കിലും ആഘോഷ ഉത്സവം ആഘോഷിക്കുന്നതിനാൽ, ഏതെങ്കിലും വ്രതം, ഉപവാസം ചെയ്യുന്നതു മൂലം എന്റെ മുഴുവൻ പാപവും വ്യത്തിയാക്കപ്പെടും. അപ്പോൾ അത്തരം വ്യക്തി സ്വന്തം കർമ്മങ്ങളെ നേരെയാക്കുന്നതിനുള്ള ജോലി തന്നെ എന്തിനു ചെയ്യും? ശുദ്ധധർമ്മം ധാരണം ചെയ്യാനുള്ള ജോലി എന്തിനു ചെയ്യും?

ഈ തെറ്റായ വഴി ധർമ്മത്തിനു വിരുദ്ധമായി കൊണ്ടുപോകുന്ന വഴിയാണ്, എന്ന് ഇതു മനസ്സിലാകുമോ - ഞാൻ ദുഷ്കർമ്മം ചെയ്താൽ എന്നെ ദുഷ്ഫലത്തിൽ നിന്നും രക്ഷിക്കാൻ ആരും തന്നെയില്ല, ആ ദിവസം അയാൾ ദുഷ്കർമ്മത്തിൽ നിന്ന് തന്നെതന്നെ രക്ഷിക്കും. ഓരോ ജോലിയും ചെയ്തു കൊണ്ടിരിക്കുമ്പോൾ ഉണർവ്വോടെ ഇരിക്കും, എത്തരം വിത്താണ് വിതച്ചു കൊണ്ടിരിക്കുന്നത്, പ്രതിക്ഷണം ഉണർവ്വോടെ ഇരിക്കും. വിത്തു വിതക്കുന്ന സമയത്ത് ഉണർവ്വോടെ ഇരിക്കും അപ്പോൾ ഫലത്തിന്റെ ചിന്തയില്ല. വിത്ത് ശരിയായതാണ് വിതക്കുന്നത്, ഫലം നല്ലതാണ് വന്നു കൊണ്ടിരിക്കുന്നത്. കർമ്മം ശരിയായിട്ടാണ് ചെയ്തു കൊണ്ടിരിക്കുന്നത്. അപ്പോൾ ഫലം നല്ലതു തന്നെയാണ് വന്നുകൊണ്ടിരിക്കുന്നത്.

ധർമ്മത്തിന്റെ ഇത്ര നേരെ-നേരെയുള്ള കാര്യം, ഇത്ര സരള സരളമായ കാര്യം അയ്യോ, നമ്മൾ എവിടെയാണ് അലഞ്ഞത്. ശുദ്ധ ധർമ്മം ജനങ്ങൾക്ക് മനസ്സിലാകണം. സത്കർമ്മങ്ങളിൽ ഏർപ്പെടണം, ദുഷ്കർമ്മങ്ങളിൽ നിന്ന് രക്ഷപ്പെടണം. അയ്യോ, സ്വന്തവും മംഗളം നേടും, മറ്റുള്ളവരുടെ മംഗളത്തിലും സഹായകമായിത്തീരും. ശുദ്ധ ധർമ്മം ആര് ധാരണം ചെയ്താലും, ഈ ജാതിയിലെ ആയാലും ആ ജാതിയിലെ ആയാലും, ഈ വർണ്ണത്തിലെയായാലും ആ വർണ്ണത്തിലെ യായലും, ഒരു വ്യത്യാസവും വരില്ല. ആര് ആര് ധാരണം ചെയ്യുമോ, അവന്റെ തന്നെ മംഗളം. അവന്റെ തന്നെ നന്മ, അവന്റെ സ്വസ്ഥി, അവന്റെ മുക്തി, മുക്തി.


**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**
മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,
കേരള - 689508. Phone: (0479)2351616.
email: info@ketana.dhamma.org.
Website: http://www.ketana.dhamma.org


**ശിബിരങ്ങളുടെ സൂചിക - 2011**

**പത്തു ദിവസ ശിബിരം:** 9-21.6, 7-18.7, 18-29.8, 17-28.9, 13-24.10, 5-16.11, 20.11-1.12(Female only), 20-31.12.2012

**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരന്ദൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി-682026. Phone: (0484)2539891: Mobile: 9846569891.

........................